"ഭരണഭാഷ-മാതൃഭാഷ"

No.DWCD/5961/2024-ICDSA3

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 10-10-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- സംയോജിത ശിശുവികസന സേവന പദ്ധതിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് ലോഗോ ക്ഷണിക്കുന്നത് -സംബന്ധിച്ച്:-

സൂചന:- ബഹു . ഡയറക്ടറുടെ നിർദ്ദേശം

വനിത ശിശുവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബൃഹത്തായ ഒരു പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി. കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യമാക്കി 1975 ഒക്ടോബർ 2 ന് വേങ്ങരയിൽ തുടക്കം കുറിച്ച ടി പദ്ധതിയ്ക്ക് 2025 ഒക്ടോബർ 2 ന് മഹത്തായ 50 വർഷം പൂർത്തിയാകുകയാണ്.

ഐ.സി.ഡി.എസ് പദ്ധതിയുടെ മഹത്തായ 50 വർഷം പൂർത്തിയാകുന്ന സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2024 ഒക്ടോബർ 02 മുതൽ 2025 ഒക്ടോബർ 02 വരെ വിവിധതരം പരിപാടികൾ സംഘടിപ്പിക്കുന്നതിനായി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി വകുപ്പിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന തരത്തിൽ **ഒരു ലോഗോ** തയ്യാറാക്കേണ്ടതുണ്ട് . അതിനായി അവരവരുടെ ആശയങ്ങളും സൃഷ്ടിപരമായ കഴിവുകളും ഉപയോഗിച്ച് സുവർണ്ണജൂബിലിയുമായി ബന്ധപ്പെട്ട **ഒരു ലോഗോ** രൂപകൽപന ചെയ്യുന്നതിനായി അങ്കണവാടി പ്രവർത്തകർ ഉൾപ്പെടെ വകുപ്പിലെ എല്ലാ ജീവനക്കാരിൽ നിന്നും **ലോഗോ** ക്ഷണിയ്ക്കുന്നു. പ്രസ്തുത ലോഗോ എ4 സൈസ് പേപ്പറിൽ തയ്യാറാക്കുകയും ലോഗൊ തയ്യാറാക്കുന്ന ജീവനക്കാരന്റെ പേരും പെൻ നമ്പരും വിലാസവും ഉൾപ്പെടുത്തി (പെൻസിൽ ഡ്രായിംഗും കളറും ഉപയോഗിക്കാം) **18.10.2024** ന മുൻപായി ഈ കാര്യാലയത്തിലെ **icdsasection@gmail.com** എന്ന മെയിൽ ഐ.ഡി യിൽ അയക്കേണ്ടതാണ്
**ഐ.സി.ഡി.എസ് ഒഴികെയുള്ള കീഴ്ക്കാര്യാലയങ്ങളിലെ ലോഗോ ഡിസൈൻ ക്രോഡീകരിച്ച് മെയിൽ ചെയ്യേണ്ടത് വനിത ശിശുവകസന വകുപ്പ് ആഫീസർമാരും, ഐ.സി.ഡി.എസ്, അങ്കണവാടി എന്നിവിടങ്ങളിലെ ലോഗോ ഡിസൈൻ ജില്ലതല പ്രോഗ്രാം ആഫീസർമാർ ക്രോഡീകരിച്ച് ഈ കാര്യാലയത്തിലേക്ക് മെയിൽചെയ്യേണ്ടതുമാണ്.**

വിശ്വസ്തതയോടെ,

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ